**File No.LSGD-EW3/134/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം - കൊച്ചി കോർപറേഷനിൽ താത്കാലികാടി സ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെട്ട കംപ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് ബിരുദധാരികളുടെ സേവനകാലാവധി നീട്ടുന്നതിനും കോർപറേഷന്റെ തനത് ഫണ്ടിൽ നിന്ന് വേതനം നൽകുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1163/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/06/2020

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ലെ 4.48-ാം നമ്പർ യോഗതീരുമാനം.

2. കൊച്ചി മുനിസിപ്പൽ കോർപറേഷന്റെ ISO/MOE9-(A)-022096/2018 നം. നടപടിക്രമം.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ലെ 4.55-ാം നമ്പർ യോഗതീരുമാനം.

4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.01.2020ലെ ഡിബി3-753/12/സിഇ/തസ്വഭവ നം. കത്ത്.

<u>**ഉത്തരവ്**</u>

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 1 തീരുമാനപ്രകാരം കൊച്ചി കോർപറേഷനിലെ കംപ്യൂട്ടർ അധിഷ്ഠിത പ്രവൃത്തികൾക്കായി പരാമർശം 2 പ്രകാരം നിയമിക്കപ്പെട്ട കംപ്യൂട്ടർ സയൻസ് ബിരുദധാരികളുടെ കാലാവധി 31.12.2019 ന് അവസാനിച്ചിരുന്നു. ഇവരുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടുന്നതിന് സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം 3 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2020 ലെ തീരുമാനപ്രകാരം കൊച്ചി കോർപറേഷനിൽ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കംപ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് ബിരുദധാരികളുടെ സേവനകാലാവധി, കോർപറേഷന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകണമെന്ന വ്യവസ്ഥയിൽ, 31.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

1. സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപറേഷൻ
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) , കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. തദ്ദേശ സ്വയംഭരണ(ഡി.സി./ഇ.യു.) വകുപ്പുകൾ.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

**File No.LSGD-EW3/134/2020-LSGD**

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by REEKANTH G
Date: 2020.0[illegible] 16:24:12 IST
Reason: Approved

സെക്ഷൻ ഓഫീസർ